**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** **06-02-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ കൂടുതൽ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ അധിവസിക്കുന്ന കുട്ടനാട്ടിൽ, അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പദ്ധതികൾ നടപ്പാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കുട്ടനാട് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടത്തിവരുന്നുണ്ട്. ഇന്റഗ്രേറ്റഡ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഇൻ അക്വാട്ടിക് എക്കോസിസ്റ്റം എന്ന പദ്ധതി പ്രകാരം 8 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ കുട്ടനാട് പ്രദേശത്തെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതു വഴി 240 ടൺ അധിക ഉത്പാദനം പ്രതീക്ഷിക്കുന്നു. കൂടാതെ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി 25 എണ്ണം കൂട് കൃഷി യൂണിറ്റുകൾ ഉൾപ്പെടെയുള്ള വിവിധ മത്സ്യകൃഷി പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.<br><br>കുട്ടനാട് പ്രദേശത്ത് അധിവസിക്കുന്ന മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഇത്തരം പദ്ധതികൾ വരും വർഷങ്ങളിലും നടപ്പാക്കുന്നതിനൊപ്പം കൂടുതൽ പദ്ധതികൾ നടപ്പാക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. |
| (ബി) | ഉൾനാടൻ ജലാശയങ്ങളിൽ നാടൻ മത്സ്യക്കുഞ്ഞുങ്ങളെ കൂടുതലായി നിക്ഷേപിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നടപടി എടുത്തിട്ടുണ്ട്. സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിച്ച് മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും 2022-23 സാമ്പത്തികവർഷം 463 ലക്ഷം രൂപയുടെ ഇന്റഗ്രേറ്റഡ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഇൻ അക്വാട്ടിക് എക്കോസിസ്റ്റം എന്ന പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ച് വരുന്നു. ഇതിന്റെ ഭാഗമായി ചെമ്മീൻ, കരിമീൻ ഉൾപ്പെടെയുള്ള 162 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്തെ ജലസംഭരണികളിൽ |

| | | | |
|---|---|---|---|
| | | | മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്ന റിസർവ്വോയർ പദ്ധതി നടപ്പാക്കുന്നതിന് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് മണിയാർ, പമ്പ, പൊൻമുടി. മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്ങൽ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി പെരിങ്ങൽക്കുത്ത്, ഷോളയാർ (ലോവർ) എന്നീ 12 റിസർവ്വോയറുകളിൽ 78,97,450 എണ്ണം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. തദ്ദേശ ഇനത്തിൽപ്പെട്ട എൻഡമിക് കാർപ്, എൻഡമിക് ക്യാറ്റ് ഫിഷ്, കരിമീൻ, കുയിൽ മത്സ്യം തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ പെരിങ്ങൽക്കുത്ത്, ഷോളയാർ (ലോവർ) എന്നീ റിസർവ്വോയറുകളിൽ പദ്ധതിയുടെ ഭാഗമായി നിക്ഷേപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ